ഉത്തരം

(എ)—(സി) 15-8-1998 മുതൽ 15-8-1999 വരെയുള്ള കാലയളവിൽ 179 ദിവസം താൽക്കാലിക സർവ്വീസ് പൂർത്തിയാക്കിയ 507 വികലാംഗരായ ജീവനക്കാരുടെ സർവ്വീസ് റഗുലറൈസ് ചെയ്തു ഉത്തരവായിട്ടുണ്ട്. ഇവരിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചു എന്ന വിവരം ഇപ്പോൾ ലഭ്യമല്ല.

(ഡി) ഇല്ല.

(ഇ) 15-8-1998 മുതൽ 15-8-1999 വരെയുള്ള കാലയളവിൽ 179 ദിവസം താൽക്കാലിക സർവ്വീസ് നോക്കിയ വികലാംഗരെ സ്ഥിരപ്പെടുത്തുന്നതിലേക്കായി 536 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചതിൽ 507 (449+2+56) പേരുടെ സർവ്വീസ് റഗുലറൈസ് ചെയ്ത് ഉത്തരവായിട്ടുണ്ട്.

സാമൂഹ്യക്ഷേമ ഡയറക്ടറുടെ സർക്കുലർ

149 [1328] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 26-3-2005-ലെ എ1-40791/04 സർക്കുലർ പ്രകാരം ഐസിഡിഎസ്-ലെ അംഗൻവാടി വർക്കർമാരുടെ സെലക്ഷൻ ലിസ്റ്റിൽ പേരുള്ളവരും താൽക്കാലിക ഒഴിവുകളിൽ ജോലിയിൽ തുടർച്ചയായി തുടരുന്നവരുമായവരെ സ്ഥിരപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) താൽക്കാലിക ഒഴിവുകളിൽ സ്ഥിരമായി നിയമനം നൽകാൻ പാടില്ലെന്നും 89 ദിവസം കഴിയുമ്പോൾ അപ്രകാരം ഉള്ളവരെ പിരിച്ചുവിടണമെന്നും സാമൂഹ്യക്ഷേമ വകുപ്പ് നേരത്തേ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഈ നിർദ്ദേശപ്രകാരം തുടർച്ചയായി നിയമനം ലഭിക്കാതെ സെലക്ഷൻ ലിസ്റ്റിൽ പേര് ഉണ്ടെങ്കിലും പിരിച്ചുവിടലിന് വിധേയമായവർക്ക് 26-3-2005-ലെ സർക്കുലർപ്രകാരം ആനുകൂല്യം നിഷേധിക്കുവാൻ കാരണം എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) വകുപ്പിന്റെ നിർദ്ദേശപ്രകാരം 89 ദിവസം കഴിഞ്ഞിട്ടും പിരിച്ചുവിടാതെ സർക്കാരിന്റെ നിർദ്ദേശങ്ങൾ മറികടന്ന് സർവീസിൽ തുടരുന്നവർക്ക് നൽകിയ ആനുകൂല്യം പിരിച്ചുവിടലിന് വിധേയമായവർക്കും നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) 26-3-2005-ലെ എ1-40701/04 സർക്കുലർ പ്രകാരം സ്ഥിരപ്പെടുത്തപ്പെട്ടവർ ആരെല്ലാമാണ്;

(ഇ) ഇതു സംബന്ധിച്ച് ഉദയഗിരി പഞ്ചായത്തിലെ അംഗനവാടി വർക്കറായ ഷിജിമനോജ് നൽകിയ അപേക്ഷയിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 26-3-2005-ലെ എ1 40791/04 എന്നത് സോഷ്യൽ വെൽഫയർ ഡയറക്ടർ ഐസിഡിഎസ് പ്രോജക്ട് ആഫീസർക്ക് അയച്ച ഒരു വിശദീകരണ കത്താണ്. സെലക്ഷൻ ലിസ്റ്റിൽ നിന്നും താൽക്കാലിക ഒഴിവുകളിലേക്ക് നിയോഗിക്കപ്പെടുന്ന വർക്കർമാരുടെ നിയോഗം ടി ഒഴിവുകൾ സ്ഥിരം ഒഴിവുകളായി മാറ്റപ്പെടുന്ന മുറയ്ക്ക് സ്ഥിരം സ്വഭാവമുള്ള നിയോഗമായി മാറ്റപ്പെടുന്നുവെന്ന് ടി കത്തിലൂടെ അറിയിച്ചിട്ടുണ്ട്. ഇപ്രകാരം ലിസ്റ്റിൽ നിന്നും നിയോഗിക്കപ്പെടുന്ന വർക്കർമാർ തുടർച്ചയായി ജോലിയിൽ തുടർന്നുവരികയാണെങ്കിൽ ടി പഞ്ചായത്തിൽ സ്ഥിരം ഒഴിവുണ്ടാകുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവുകളിലേക്ക് ടിയാളെ സീനിയോരിറ്റി അടിസ്ഥാനത്തിൽ മേൽ നിബന്ധനയ്ക്ക് വിധേയമായി മാറ്റി നിയോഗിക്കാവുന്നതാണെന്നു ടി കത്തിലൂടെ അറിയിച്ചിട്ടുണ്ട്.

(ബി) സെലക്ഷൻ/വെയിറ്റിംഗ് ലിസ്റ്റിൽ നിന്നും സീനിയോരിറ്റി അടിസ്ഥാനത്തിൽ നിയമനം നൽകേണ്ടതാണ് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ലിസ്റ്റ് നിലവിലില്ലെങ്കിൽ അതാത് അംഗൻവാടിയിലെ സ്ഥിരം ഹെൽപ്പർ അർഹതയുള്ളവരാണെങ്കിൽ ടിയാളെ നിയോഗിക്കാവുന്നതാണ്. ടി ഹെൽപ്പർ വർക്കർ നിയമനത്തിന് .യോഗ്യത ഇല്ലാത്ത ആളാണെങ്കിൽ ആ പഞ്ചായത്തിലെ മറ്റേതെങ്കിലും അംഗൻവാടിയിൽ വർക്കർ നിയമനത്തിന് യോഗ്യതയുള്ള ഹെൽപ്പറുണ്ടെങ്കിൽ അവരിൽ സീനിയർ ആയ ഹെൽപ്പറെയോ, അവരുടെ അഭാവത്തിൽ ആ പ്രോജക്ടിലെ മറ്റു പഞ്ചായത്തിൽ യോഗ്യതയുള്ള സിനിയർ ആയ ഹെൽപ്പറെയോ നിയോഗിക്കാവുന്നതാണ്. മേൽപ്പറഞ്ഞവിധം താൽക്കാലിക നിയമനം നടത്തുവാൻ സാദ്ധ്യമല്ലാത്ത സാഹചര്യത്തിൽ പ്രാദേശികമായി യോഗ്യതയുള്ള സ്ത്രീകളെ താൽക്കാലികമായി നിയമിക്കാമെന്നും ഇപ്രകാരം നിയമിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

താൽക്കാലികക്കാരെ 3 മാസത്തിൽ കൂടുതൽ നിയമിക്കുവാൻ പാടില്ല എന്നുമാണ്. ടി നിർദ്ദേശം സെലക്ഷൻ ലിസ്റ്റ് നിലവിലുള്ള കാലയളവിൽ ടി ലിസ്റ്റിൽനിന്നും താൽക്കാലിക നിയമനം നൽകുകയും ഒഴിവില്ലാത്തതുമൂലം പിരിച്ചുവിടപ്പെടുകയും ചെയ്തിട്ടുള്ള വർക്കർമാർക്ക് ലിസ്റ്റിന്റെ കാലാവധിക്കുശേഷം സ്ഥിരനിയമനം നൽകുവാൻ നിലവിൽ നിർദ്ദേശങ്ങൾ ഇല്ല. തൻമൂലം 26-3-2005-ലെ കത്തിന്റെ ആനുകൂല്യം ടി വിഭാഗക്കാർക്ക് ലഭ്യമാക്കാനാവില്ല.

(സി) സർക്കാർ നിർദ്ദേശം മറികടന്ന് ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

സാമൂഹ്യക്ഷേമ വകുപ്പുവഴി നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ

150 [1329] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പുവഴി നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവയിൽ സർക്കാർ ഇതര സംഘടനകൾ വഴി നടത്തുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(സി) കൂടുതൽ പദ്ധതികൾ എൻ.ജി.ഒ.വഴി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) — (സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

കാസർഗോഡ് ജില്ലയിൽ സാമൂഹ്യക്ഷേമ വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ

151 [1330] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ ജില്ലാ ആഫീസുകളുടെ കീഴിൽവരുന്ന വിവിധ ആഫീസുകളിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം തരം തിരിച്ച് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly